# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2399 — 18.07.2011 ൽ മറുപടിയ്ക്ക്

### കൃഷിയും അനുബന്ധ പ്രവൃത്തികളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. വി. റ്റി. ബൽറാം

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കൃഷിയും അനുബന്ധ പ്രവൃത്തികളും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സഹകരണ ബാങ്കുകൾ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ മേഖല വഴി ആവശ്യമായ കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും, സുഗമമായും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ടിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ സംസ്ഥാനത്തെ കാർഷിക വായ്പ മേഖലയിലും കാർഷിക രംഗത്തും കർഷകർക്ക് ആവശ്യമായ വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകി വരുന്നു. കൂടാതെ നെൽകൃഷിക്ക് പരിധി കണക്കിലെടുക്കാതെ, സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പലിശ രഹിത വായ്പ അനുവദിച്ചു വരുന്നുണ്ട്.

മാത്രമല്ല, സഹകരണ സംഘങ്ങൾ കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങി, കർഷകർ, പാടശേഖര സമിതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങൾ മുഖേന നാളിതുവരെ 13 കൊയ്ത്ത് മെതി യന്ത്രങ്ങൾ വാങ്ങി വാടകയ്ക്ക് നൽകി വരുന്നുണ്ട്.

ഇതിന് പുറമേ കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് പരമാവധി 11% പലിശ നിരക്കിൽ വായ്പ നൽകി വരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ /ബാങ്കുകൾ കാർഷിക ആവശ്യങ്ങൾക്കും/ കാർഷിക അനുബന്ധ ആവശ്യങ്ങൾ ക്കുമായി കൂടുതൽ വായ്പകൾ നൽകണമെന്ന് സെൻട്രൽ ബാങ്ക് കോൺഫറൻസിൽ തീരുമാനിച്ചിട്ടുണ്ട്.

ഹ്രസ്വകാല കാർഷിക വിള വായ്പകൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ /ബാങ്കുകൾ മുഖേന 7% പലിശ നിരക്കിലാണ് വിതരണം ചെയ്തു വരുന്നത്. ഇപ്രകാരം വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2011 – 2012 വർഷം മുതൽ 3% പലിശ സബ്‌വെൻഷൻ കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ട്. കൂടാതെ, 2011 – 2012 വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിൽ വായ്പയെടുക്കുന്ന കൃഷിക്കാരെയും വായ്പ നൽകുന്ന സ്ഥാപനങ്ങളേയും ഒരേ സമയം സംരക്ഷിക്കുന്നതിന് കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്കായി ഒരു ഉത്തേജന പലിശ ഇളവ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതു പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കാർഷിക വായ്പ എടുക്കുന്ന ഏതൊരാൾക്കും പ്രസ്തുത വായ്പ തുക കൃത്യ തീയതിയിൽ തിരിച്ചടയ്ക്കുന്ന പക്ഷം 5% പലിശ ഇളവ് നൽകുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതോടു കൂടി ഫലത്തിൽ കർഷകർക്ക് 0% പലിശ നിരക്കിൽ കാർഷിക വായ്പ ലഭ്യമാകുന്നതാണ്. നെൽ കർഷകർക്കുള്ള പലിശ രഹിത വായ്പ പദ്ധതി സംസ്ഥാനത്ത് ഇപ്പോൾ തന്നെ നടപ്പാക്കി വരുന്നുണ്ട്.

| | |
|---|---|
| (ബി) ഇവയുടെ പ്രവർത്തനമേഖല സുഗമമാക്കുന്നതിന് ബാങ്കുകൾ നൽകുന്ന വായ്പ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിനു വിധേയമായാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പ നൽകി വരുന്നത്. ഓരോ വർഷവും ജില്ലാതല ടെക്നിക്കൽ കമ്മിറ്റി കൂടി വായ്പ തുക കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല/മധ്യകാല കാർഷിക വായ്പകളുടേയും നബാർഡിന്റെ റീഫൈനാൻസ് ലഭ്യമാകുന്ന ഒരു വർഷ കാലാവധിയുള്ള ഹ്രസ്വകാല കാർഷിക വായ്പകളുടേയും പരിധി പരമാവധി 10 ലക്ഷം രൂപയായി സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി വർദ്ധിപ്പിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നെൽ കൃഷിക്ക് 25,000/- രൂപ വരെ പലിശ രഹിത വായ്പ നൽകിയിരുന്നത് ഇപ്പോൾ പരിധിയില്ലാതെ നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന ഹ്രസ്വകാല കാർഷിക വിള വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ കൂടുതലായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ